വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി പരാതി ഉന്നയിച്ചിട്ടീല്ല.

(ബി) പരാതികൾ ലഭിച്ചതായി കാണുന്നില്ല.

(സി) ഓരോ വർഷവും നടപടി ക്രമങ്ങൾ പരമാവധി ലഘൂകരിക്കാൻ നടപടി സ്വീകരിക്കാറുണ്ട്.

(ഡി) ഫലപ്രഖ്യാപനത്തിനുശേഷം സംവരണാനുകൂല്യങ്ങൾ അനുവദിക്കുന്ന രീതി പരാതികൾക്ക് വഴിതെളിക്കുമെന്നതിനാൽ ഈ നിർദ്ദേശം പ്രായോഗികമാണെന്ന് തോന്നുന്നില്ല.

(ഇ) ഇപ്പോഴത്തെ പരീക്ഷാ നടത്തിപ്പ് കാര്യക്ഷമമാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാന അവകാശത്തിലുള്ള റവന്യൂ ഭൂമി

1 [1289] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനഅവകാശത്തിലുള്ള റവന്യൂ ഭൂമി സംസ്ഥാനത്തിന് പുറത്ത് എവിടെയെല്ലാം ഉണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ പ്രദേശങ്ങൾ ആർക്കെല്ലാം പാട്ടത്തിനും മറ്റ് ആവശ്യങ്ങൾക്കും നൽകിയിട്ടുണ്ട് എന്നതിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) ഇവരിൽ കുടിശ്ശിക വരുത്തിയവർ ആരെല്ലാം എന്നും എന്ത് തുക കുടിശ്ശികയുണ്ടെന്നുമുള്ളതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) തമിഴ്നാടിന്റെ ഭാഗമായ കന്യാകുമാരി ജില്ലയിലുൾപ്പെടെ എത്ര റവന്യൂ ഭൂമി സർക്കാരിന്റെ രേഖയിലുണ്ട്;

(ഇ) പ്രസ്തുത രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) ഈ പ്രദേശങ്ങൾ അന്യാധീനപ്പെട്ടു കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഈ ഭൂമി സർക്കാരിന്റെ നിയന്ത്രണാവകാശത്തിൽ കൊണ്ടു വരാൻ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തിന് പുറത്ത് കേരള സർക്കാരിന്റേതായിട്ടുള്ള ഭൂമിയുടെ വിശദാംശങ്ങൾ ഇനി പറയുംപ്രകാരമാണ്:

ന്യൂഡൽഹിയിലുള്ള സ്ഥലങ്ങൾ:

1.	കേരളാ ഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലം	..	2.49 ഏക്കർ
2.	ട്രാവൻകൂർ ഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലം	..	7.86 ഏക്കർ
3.	കപൂർത്തല പ്ലോട്ട്	..	3.89 ഏക്കർ

തമിഴ്നാട്ടിലുള്ള സ്ഥലങ്ങൾ:

1.	കന്യാകുമാരി ജില്ലയിൽ കേരളാ ഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലം	..	2.65 ഏക്കർ
2.	ചെന്നെയിൽ നുങ്കംപക്കം വില്ലേജ്	..	0.55 ഏക്കർ
3.	തിരുനെൽവേലി ജില്ലയിൽ തെങ്കാശി താലൂക്കിൽ കുറ്റാലം വില്ലേജിൽ	..	(21-66.80 ഹെക്ടർ)-53.30 ഏക്കർ
4.	കന്യാകുമാരി ജില്ലയിൽ പത്മനാഭപുരത്ത്	..	6.00 ഏക്കർ
5.	ചെങ്കോട്ടയിലുള്ള വനംവകുപ്പിനുള്ള തടി ഡിപ്പോ	..	5.823 ഹെക്ടർ
6.	പൊള്ളാച്ചിയിലുള്ള തടി ഡിപ്പോ	..	3.20 ഹെക്ടർ

കർണ്ണാടകത്തിലുള്ള സ്ഥലം:

	നഞ്ചൻകോട് തടി ഡിപ്പോ	..	2.40 ഹെക്ടർ

ഉത്തർപ്രദേശത്തിലുള്ള സ്ഥലം:

	വാരണാസിയിലെ സത്രവും ധർമ്മശാലയും	..	12 സെന്റ്

(ബി) ചെന്നെയിലെ നുങ്കംപാർക്കിലുള്ള 55 സെന്റ് സ്ഥലം കേരളാ സ്റ്റേറ്റ് ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷന് 1998-ൽ ജി.ഒ. (എം.എസ്.) നമ്പർ 385/98/ജി.എ.ഡി. ഉത്തരവു പ്രകാരം 99 വർഷത്തെ പാട്ടത്തിന് നൽകിയിട്ടുണ്ട്. മറ്റ് സ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഉത്തരം (എ)-യിൽ ലഭ്യമാണ്.

(ഇ, എഫ് & ജി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly